LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) വയനാട് ജില്ലയിലെ കുന്നത്തിടവകയിൽ ഇതുവരെ 37 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്.

(ബി) 1991-ലെ സെൻസസ് അനുസരിച്ച്, 24020 ആദിവാസി കുടുംബങ്ങളാണുള്ളത്.

(സി) വയനാട് ജില്ലയിൽ 13303 ഭൂരഹിത ആദിവാസി കുടുംബങ്ങളും, ഒരേക്കറിന് താഴെ ഭൂമിയുള്ള 12184 കുടുംബങ്ങളുമുണ്ട്.

(ഡി) റവന്യൂ വകുപ്പിന്റെ ഭൂമിയാണ്.

(ഇ) ഒരു കുടുംബത്തിന് ഒരേക്കർ ഭൂമി വീതമാണ് നല്കിയിട്ടുള്ളത്.

(എഫ്) ലഭ്യമാക്കാവുന്ന ഭൂമി പരമാവധി കണ്ടെത്തി വിതരണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സുഗന്ധഗിരി, പൂക്കോട് ഫാമുകൾ ഏറ്റെടുത്ത് വിതരണം ചെയ്യുന്നതിനും കേന്ദ്രഗവൺമെന്റിൽ നിന്നും വനഭൂമി കിട്ടുന്ന മുറയ്ക്ക് വിതരണം ചെയ്യുന്നതിനും വനത്തിനുള്ളിൽ പാർക്കുന്ന ആദിവാസികൾക്ക് കൈവശമുള്ള അത്ര ഭൂമിക്ക് കൈവശാവകാശ രേഖ നൽകുന്നതിനും നടപടി സ്വീകരിച്ചുവരുന്നു.

(ജി) ക്ഷേമസമിതിയുമായി കരാർ ഉണ്ടാക്കിയിട്ടില്ല.

(എച്ച്) കാടിനുള്ളിൽ താമസിക്കുന്ന ആദിവാസികൾക്ക് റിക്കോർഡ് ഓഫ് റൈറ്റ്സ് കൊടുക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഐ) ഉണ്ട്. കണ്ണൂർ ജില്ലയിൽ ആയക്കോട് എസ്റ്റേറ്റിൽ 1020.11 ഏക്കർ ഭൂമിയും, കോഴിക്കോട് ജില്ലയിൽ പേരാമ്പ്ര എസ്റ്റേറ്റിൽ 467.58 ഏക്കർ ഭൂമിയുമാണ് വിതരണം ചെയ്യാൻ തീരുമാനിച്ചിട്ടുള്ളത്.

(ജെ) ഇല്ല. ജില്ലാ കളക്ടർ സ്വകാര്യ തോട്ട ഭൂമി ലഭ്യമാണെന്ന് അറിയിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിന് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്ന പദ്ധതി

156 (2435) ശ്രീ. ഷിബു ബേബിജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഭൂരഹിത ഭവനരഹിത പട്ടികജാതി വിഭാഗത്തിന് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്നതിന് എത്ര തുക മാറ്റിവച്ചു ;

(ബി) ഇതിൽ എത്ര രൂപ ചെലവായിട്ടുണ്ട് ;

(സി) എത്ര പേർക്ക് ഇതിന്റെ ആനുകൂല്യങ്ങൾ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത ആനുകൂല്യങ്ങൾ ഉദ്ദേശിച്ച ലക്ഷ്യത്തിൽ എത്തിയോ എന്ന് മോണിറ്റർ ചെയ്തിട്ടുണ്ടോ ;

(ഇ) മോണിറ്റർ ചെയ്യുവാൻ പ്രത്യേക കമ്മിറ്റി ഉണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ അവയുടെ പ്രവർത്തനം വിശദീകരിക്കുമോ ?

ഉത്തരം

(എ) ഭൂരഹിത ഭവനരഹിത പട്ടികവിഭാഗത്തിന് ഭൂമി വാങ്ങി വീട് നിർമ്മിക്കുന്ന പദ്ധതി നിലവിലില്ല. എന്നാൽ ഭൂരഹിതർക്ക് ഭൂമി വാങ്ങുന്ന ഒരു പദ്ധതി നിലവിലുണ്ട്. ഈ പദ്ധതിപ്രകാരം ഗ്രാമപ്രദേശങ്ങളിൽ 19500 രൂപ ക്രമത്തിലും നഗരപ്രദേശങ്ങളിൽ 20,000 രൂപ ക്രമത്തിലും കോർപ്പറേഷൻ പ്രദേശത്ത് 25,000 രൂപ ക്രമത്തിലും ധനസഹായം അനുവദിച്ചുവരുന്നു. 2002-03-ൽ (4015 പേർക്ക് ഈ പദ്ധതിക്ക് ധനസഹായം നല്കിയിട്ടുണ്ട്. 2002-03-ൽ ഭവനനിർമ്മാണത്തിനായി 70,000 രൂപ നിരക്കിൽ 1385 വീടുകൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ 2001-02-ൽ തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കൾക്ക് വീട് വയ്ക്കുന്നതിന് 35,000 രൂപ നിരക്കിൽ 4318 വീടുകളും അനുവദിച്ചിട്ടുണ്ട്.

(ബി&സി) ബാധകമല്ല.

(ഡി) ഇല്ല.

(ഇ) ഇല്ല.

(എഫ്) ഉദിക്കുന്നില്ല.

തൃക്കരിപ്പൂർ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂൾ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ

157 (2436) ശ്രീ. കെ. പി. സതീശ് ചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ പട്ടികജാതി വിദ്യാർത്ഥികൾക്കായുള്ള മോഡൽ റസിഡൻഷ്യൽ സ്കൂളിന്റെ കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ പീലിക്കോട് ഗ്രാമപഞ്ചായത്ത് വക 5.18 ഏക്കർ ഭൂമിയിൽ എം.ആർ.എസ്. സ്ഥാപിക്കുന്നതിനുള്ള പ്ലാനും എസ്റ്റിമേറ്റും അയച്ചു തരുന്നതിന് ചീഫ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം

158 (2437) ശ്രീ. ടി. കെ. ബാലൻ : താഴെ കാണുന്ന ചോദ്യത്തിന് പിന്നോക്ക-പട്ടികസമുദായ ക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

റസിഡൻഷ്യൽ സ്കൂളുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താൻ സാമൂഹ്യ സന്നദ്ധ സംഘടനകളുടെ സേവനം ലഭ്യമാക്കാൻ പ്രത്യേക നടപടികൾ കൈക്കൊള്ളുമോ ?

LIBRARY ARCHIVES Kerala Legislative Assembly